**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2368** **30-09-2025 - ൽ മറുപടിയ്ക്ക്**

**എക്സൈസ് സേനയിലെ വനിതാ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ വി ജോയി, ശ്രീ. കെ. ജെ. മാക്സി, ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മദ്യ-മയക്കുമരുന്ന് കേസുകളിൽ പെൺകുട്ടികളുടെയും സ്ത്രീകളുടെയും പങ്കാളിത്തം കൂടിവരുന്ന സാഹചര്യം പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. എക്സൈസ് വകുപ്പിന്റെ സംസ്ഥാന-മേഖലാ-ജില്ലാ തലങ്ങളിൽ പ്രതിമാസം നടത്തുന്ന അവലോകനത്തിലും, ജില്ലാ തലത്തിൽ എല്ലാ ആഴ്ച്ചകളിലും നടത്തുന്ന അവലോകനത്തിലും മദ്യ-മയക്കുമരുന്ന് കേസുകളിലെ സ്ത്രീകളുടെയും, പെൺകുട്ടികളുടെയും പങ്കാളിത്തം പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ചും, കോളേജുകൾ കേന്ദ്രീകരിച്ചും പെൺകുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർഥികൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും, സന്നദ്ധ സംഘടനകളുമായും സഹകരിച്ച് ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | സ്ത്രീകളെ മദ്യ-മയക്കുമരുന്നു വിപണനത്തിന്റെ കാരിയറായി ഉപയോഗിക്കുന്നതായും അവരെ വിവിധതരത്തിലുള്ള ചൂഷണത്തിന് വിധേയരാക്കുന്നതായും വന്നുകൊണ്ടിരിക്കുന്ന വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (ബി) | മദ്യം, മയക്കുമരുന്ന് വിപണനത്തിന്റെ കാരിയറായി സ്ത്രീകളെ ഉപയോഗിക്കുന്നതായും അവരെ വിവിധ തരത്തിലുള്ള ചൂഷണത്തിന് വിധേയരാക്കുന്നതുമായ വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ച് നിയമപരമായ നടപടികളും അതോടൊപ്പം ബോധവത്കരണവും, പുനരധിവാസ പ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി വനിതാ ജീവനക്കാരെയുൾപ്പെടുത്തി കർശന പരിശോധനകളും നടത്തി വരുന്നുണ്ട്. |
| (സി) | നിലവിൽ എക്സൈസ് ഉദ്യോഗസ്ഥരിലെ വനിതാ പ്രാതിനിധ്യം എത്രയാണെന്ന് അറിയിക്കാമോ; | (സി) | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ ഒന്നും എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 19- ഉം വനിത സിവിൽ എക്സൈസ് ഓഫിസർ തസ്തികയിൽ 658-ഉം വനിതകൾ സേവനമനുഷ്ഠിക്കുന്നുണ്ട്. |
| (ഡി) | എക്സൈസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും ഉണർവ്വ്, നേർവഴി തുടങ്ങിയ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളിൽ | (ഡി) | എക്സൈസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. വിദ്യാലയങ്ങൾ ലഹരി |

| | | | |
|---|---|---|---|
| | വനിതകൾക്ക് പരിശീലനം നൽകി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ ആരംഭിച്ച "ഉണർവ്വ്" പദ്ധതിയിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും, സ്പോർട്ട്സ് ഉപകരണങ്ങളും, മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നു.. സ്കൂളുകളിൽ പെൺകുട്ടികൾക്കും പ്രസ്തുത പദ്ധതിയുടെ ഭാഗമായ കായിക പരിശീലനത്തിന് അവസരം ലഭിക്കുന്നു.<br><br>ലഹരിയുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ വിടുതൽ ചെയ്ത് ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് വിമുക്തി മിഷന്റെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് 'നേർവഴി''. പ്രതികൂല സാഹചര്യങ്ങളിൽപ്പെട്ട് ലഹരി ഉപയോഗത്തിലേക്ക് തിരിയുന്ന കുട്ടികളെ അതിൽ നിന്നും കരകയറ്റുന്നതിനായുള്ള പ്രാഥമിക പ്രായോഗിക ഇടപെടൽ നടത്തുക എന്നതാണ് 'നേർവഴി' എന്ന പദ്ധതി ലക്ഷ്യമിടുന്നത്. എക്സൈസ് വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ കൗൺസിലിംഗ് കേന്ദ്രങ്ങളിൽ ആകെയുള്ള 5 കൗൺസിലർമാരിലെ 4 പേരും വനിതകളാണ്.കൂടാതെ നിലവിലുള്ള വിമുക്തി മെന്റർമാരിൽ 3 പേരും, പുതുതായി പരിശീലനം നൽകാൻ തെരഞ്ഞെടുത്തവരിൽ മൂന്ന് പേരും വനിതകളാണ്. |

സെക്ഷൻ ഓഫീസർ